**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.847. 29.09.2016 -ലെ മറുപടിയ്ക്ക്

**കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പദ്ധതി**

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പദ്ധതിയ്ക്കുള്ള അനുമതി യു.ജി.സി. പിൻവലിച്ചത് എന്നാണ്; | (എ) | കേരള സർവകലാശായുടെ വിദൂരപഠനവിഭാഗത്തിന്റെ അംഗീകാരം 2015 ജൂലൈ 15 ലെ UGC/DEB/UK/THVPRM/KRL/2009 ഉത്തരവ് പ്രകാരമാണ് യു.ജി.സി പിൻവലിച്ചത്. |
| (ബി) | സത്യവാങ്മൂലം സമയബന്ധിതമായി യു.ജി.സി.ക്ക സമർപ്പിക്കാൻ കഴിയാഞ്ഞതുമൂലമാണ് അംഗീകാരം നഷ്ടപ്പെട്ടത് എന്നതിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയോ; ഇക്കാര്യത്തിൽ പ്രസ്തുത സർവ്വകലാശാലയുടെ വിശദീകരണം എന്താണ് ; വിശദാംശങ്ങൾ നൽകുമോ; | (ബി) | 2013 ൽ Distance Education Council SDE യ്ക്ക് 2013-14, 2014-15, 2015-16 വർഷങ്ങളിൽ Distance Education Course കൾ നടത്താനുള്ള അംഗീകാരം നൽകിയിരുന്നു. അതിനുശേഷം UGC നിഷ്കർഷിച്ച പ്രകാരമുള്ള Affidavit ലെ വിവിധ നിബന്ധനകൾ അംഗീകരിക്കുന്നതിന് University യുടെ വിവിധ കമ്മിറ്റികളുടെ തീരുമാനങ്ങൾ ആവശ്യമായിരുന്നതിനാലാണ് Affidavit സമർപ്പിക്കാൻ വൈകിയത്. എന്നാലിത് കാണിച്ച് Affidavit സമർപ്പിക്കാൻ, സമയം നീട്ടിത്തരണമെന്നാവശ്യപ്പെട്ട് University നൽകിയ കത്ത് പരിഗണിക്കാതെയാണ്, UGC SDE യുടെ 2015-16 ലെ Recognition പിൻവലിച്ചത്. |
| (സി) | യു.ജി.സി. നിർഷ്കർഷിച്ചിട്ടുള്ള നിബന്ധനകളിൽ കേരള സർവ്വകലാശാലക്ക നയപരമായ തീരുമാനങ്ങൾ എടുത്ത് സത്യവാങ്മൂലം സമർപ്പിക്കേണ്ടതുണ്ടായിരുന്നെങ്കിൽ എന്തുകൊണ്ടാണ് ഇക്കാര്യത്തിൽ വേണ്ടത്ര ഗൗരവം കൊടുക്കാതിരുന്നത്; ഇതിന് ഇടയാക്കിയ | (സി) | കേരള സർവകലാശാലയുടെ വിദൂരപഠനവിഭാഗത്തിന്റെ പഠനപ്രവർത്തനങ്ങൾക്ക് F.No.DEB/KU/KER/2013 dated 19TH August 2013 ലെ ഉത്തരവിൻ പ്രകാരം 2013 മുതൽ 2016 വരെ 45 കോഴ്സുകൾക്കായി അനുമതി നൽകുകയും യു.ജി.സി നിഷ്കർഷിക്കുന്ന നിബന്ധകൾ സർവകലാശാല പാലിക്കുന്നു് എന്ന് കാണിക്കുന്ന സത്യവാങ്മൂലം സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. വിദൂരപഠനവിഭാഗത്തിന് സർവകലാശാല നേരിട്ടല്ലാതെ നടത്തുന്ന പഠനകേന്ദ്രങ്ങൾ (ലേണഴ്സ് സപ്പോർട്ട് സെന്റർ) ഉണ്ടായിരുന്നതു കൊണ്ട് സത്യവാങ്മൂലത്തിന് (Affidavit) പകരം രേഖാമൂലമുള്ള ഉറപ്പ് |

| | | | |
|---|---|---|---|
| | സാഹചര്യം വ്യക്തമാക്കുമോ; | | (Undertaking) സമർപ്പിക്കുകയാണ് ചെയ്തത്. എന്നാൽ പ്രസ്തുത രേഖാമൂലമുള്ള ഉറപ്പ് (undertaking) യുജിസി നിരസിക്കുകയും സത്യവാങ്മൂലം (Affidavit) തന്നെ സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. രേഖാമൂലമുള്ള ഉറപ്പ് (Undertaking) രണ്ട് തവണ സമർപ്പിച്ചിരുന്നെങ്കിലും യുജിസി പ്രസ്തുത രേഖാമൂലമുള്ള ഉറപ്പ് നിരസിക്കുകയാണ് ചെയ്തത്. ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠനം നടത്തി വന്ന ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ നിർത്തലാക്കാനുള്ള നയപരമായ തീരുമാനം ധൃതിപിടിച്ച് സർവകലാശാലയ്ക്ക് കൈക്കൊള്ളാൻ കഴിയുമായിരുന്നില്ല. ആയതിനാൽ 30.12.2014 ൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള സമയം നീട്ടിനൽകണമെന്ന് കാണിക്കുന്ന അപേക്ഷ സർവകലാശാല യുജിസിക്ക് നൽകി. എന്നാൽ 15 ജൂലൈ 2015 ൽ വിദൂരവിദ്യാഭ്യാസ വിഭാഗത്തിനുള്ള അംഗീകാരം യുജിസി പിൻവലിക്കുകയാണ് ചെയ്തത്. തുടർന്ന് ലേണേഴ്സ് സപ്പോർട്ട് സെന്ററുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ വിദൂരപഠനകേന്ദ്രം ഏറ്റെടുക്കുകയും സർവകലാശാല സിൻഡിക്കേറ്റ് ലേണേഴ്സ് സപ്പോർട്ട് സെന്ററുകളുടെ പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്തു. തുടർന്ന് ബന്ധപ്പെട്ട സത്യവാങ്മൂലം സർവകലാശാല സമർപ്പിക്കുകയും അതിനെ തുടർന്ന് ബഹുമാനപ്പെട്ട സർവകലാശാല വൈസ് ചാൻസലർ 03.10.2015 ൽ നേരിൽ യുജിസി അധികാരികളെ കണ്ട് വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തു. |
| (ഡി) | പ്രസ്തുത വിദ്യാഭ്യാസ പദ്ധതി പുനഃസ്ഥാപിക്കുന്നതിനുള്ള അപേക്ഷയും നിബന്ധനകൾ പൂർണ്ണമായി അംഗീകരിച്ചുകൊണ്ടുള്ള സത്യവാങ്മൂലവും യു. ജി. സി. ക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഇത് സമർപ്പിച്ചത്; ഇക്കാര്യത്തിലുള്ള യു. ജി. സി. യുടെ പ്രതികരണം എപ്രകാരമായിരുന്നു; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഉണ്ട് 26.03.2016 ന് സർവകലാശാല യുജിസി യ്ക്ക് സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ 12.07.2016 ൽ യുജിസി സർവകലാശാലയെ ഇന്റർഫേയ്സ് മീറ്റിങ്ങിന് ക്ഷണിക്കുകയും ചെയ്തു. ഇതിൻപ്രകാരം സർവകലാശാലയെ പ്രതിനിധീകരിച്ച് 21.08.2016 ൽ രജിസ്ട്രാർ ഇന്റർഫേയ്സ് മീറ്റിങ്ങിന് പങ്കെടുക്കുകയും നിബന്ധനകളെല്ലാം പാലിച്ചുകൊണ്ടുള്ള അഫിഡവിറ്റ് സമർപ്പിക്കുകയും വിദൂരപഠനകേന്ദ്രത്തിന്റെ അംഗീകാരത്തിനുള്ള അപേക്ഷ കാര്യകാരണസഹിതം അവതരിപ്പിക്കുകയും ചെയ്തു. യുജിസിയുടെ തുടർനടപടികൾക്കായി കാത്തിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**